# കേരള വോളിബോൾ ലീഗ് ഫെബ്രുവരിയിൽ; മമ്മൂട്ടി ബ്രാൻഡ് അംബാസഡർ

**കൊച്ചി:** കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷനുമായി സഹകരിച്ച് സ്പോർട്സ് കൺസൾട്ട് കേരള വോളിബോൾ ലീഗ് (കെവിഎൽ) പ്രഖ്യാപിച്ചു. അടുത്തവർഷം ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട് നടക്കുന്ന ഈ പ്രൊഫഷണൽ വോളിബോൾ ടൂർണമെന്റിൽ പ്രമുഖ കളിക്കാർ പങ്കെടുക്കും. പ്രശസ്ത മലയാള ചലച്ചിത്ര താരം മമ്മൂട്ടിയാണ് വോളിബോൾ ലീഗിന്റെ ബ്രാൻഡ് അംബാസഡറും പ്രമോട്ടറും. കേരളത്തിൽ എക്കാലവും കൈകോർത്തു നിന്നിട്ടുള്ള മേഖലകളാണ് കായിക, വിനോദരംഗങ്ങളെന്നും കെവിഎൽ അതുകൊണ്ടു തന്നെ വൻവിജയമായിരിക്കുമെന്നും മമ്മൂട്ടി അഭിപ്രായപ്പെട്ടു.

കേരളത്തിൽ വോളിബോളിന്റെ സാന്നിധ്യവും പ്രധാന്യവും വർധിപ്പിക്കുന്നതിന് സ്പോർട്സ് കൺസൾട്ടും കേരള വോളിബോൾ അസോസിയേഷനും കൈ കോർക്കുന്നത്. ഇത്തരത്തിൽ രാജ്യത്ത് തന്നെ ആദ്യശ്രമമാണിത്. രാജ്യത്തെ ആദ്യത്തെ പ്രൊഫഷണൽ വോളിബോൾ താരമായ ജിമ്മി ജോർജിന്റെ സംസ്ഥാനമെന്ന നിലയിലാണ് ലീഗ് മത്സരത്തിനായി കേരളത്തെ തന്നെ തെരഞ്ഞെടുത്തത്. ഇത്തരമൊരു സംരംഭത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ടെന്ന് സ്പോർട്സ് കൺസൾട്ട് സിഇഒ ജിതേന്ദ്ര ജോഷി പറഞ്ഞു. വോളിബോളിന് അർഹമായ ശ്രദ്ധയും അംഗീകാരവും ലഭിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണെന്ന് കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ പ്രസിഡന്റ് ചാർളി ജേക്കബ് പറഞ്ഞു. രാജ്യത്തെ ഏറ്റവും പ്രധാന വോളിബോൾ ലീഗായ കേരള വോളിബോൾ ലീഗിൽ ആറ് ടീം ഫ്രാഞ്ചൈസികളാണുണ്ടാകുക. ഇവയെ ലേലത്തിലൂടെ നിശ്ചയിക്കും. ഒമ്പത് ദിവസം നീളുന്ന റൗണ്ട് റോബിൻ അടിസ്ഥാനത്തിലുള്ള മത്സരത്തിൽ ആറു ടീമുകളും പരസ്പരം ഏറ്റുമുട്ടും. കേരളത്തിൽ നിന്നും കേരളത്തിന് പുറത്തു നിന്നും ജൂനിയർ ടീമുകളിൽ നിന്നുമുള്ള കളിക്കാരടങ്ങിയതായിരിക്കും ഓരോ ടീമുകളും. കെവിഎല്ലിന്റെ ആദ്യ എഡിഷൻ 2010 ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട് നടക്കും.